# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.-1334 21/03/2013 ൽ മറുപടിക്ക്

## തലശ്ശേരി നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ തലശ്ശേരി-നാദാപുരം റോഡിന്റെയും കൊളശ്ശേരി-കായലോട് റോഡിന്റെയും നവീകരണ പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ; | (എ) & (ബി) & (സി) | തലശ്ശേരി-നാദാപുരം റോഡ് കി.മീ.1/094 മുതൽ 3/603 വരെയും, 6/313 മുതൽ 9/001 വരെയും ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 1800 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ചീഫ് എൻജിനീയർ തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ കി.മീ.1/094 മുതൽ 2/500 വരെയുള്ള പ്രവൃത്തി 2013-14 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (വാല്യം 1, പേജ് 113, ക്രമ നം.804).<br>കൊളശ്ശേരി-കായലോട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ 2010 വർഷത്തിൽ ഭരണാനുമതി നൽകിയതുപ്രകാരം, പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഓരോ പ്രവൃത്തിക്കും എത്ര രൂപയുടെ പ്രൊപ്പോസലാണ് നിലവിലുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ ; | | |
| (സി) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവെച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ